**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2512** **13-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സർക്കാരിന്റെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾ, ഉച്ചഭക്ഷണ പദ്ധതി, സർക്കാർ കരാറുകാർക്ക് നൽകാനുള്ള തുക, ജീവനക്കാരുടെ ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും, ലൈഫ് പദ്ധതി എന്നിവയിൽ 31.12.2023 തീയതി വരെ എത്ര രൂപയുടെ കുടിശ്ശികയുണ്ടെന്ന് ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) | കേന്ദ്രസഹായമുള്ള ആരോഗ്യ സുരക്ഷാ പദ്ധതിയായ രാഷ്ട്രീയ സ്വാസ്ത്യ ബീമ യോജന (ആർ.എസ്.ബി.വൈ), സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്), ചിസ് പ്ലസ്, സീനിയർ സിറ്റിസൺ ആരോഗ്യ ഇൻഷ്വറൻസ് (എസ്.സി.എച്ച്.ഐ.എസ്), എന്നിവ ലയിപ്പിച്ച് രൂപീകരിച്ച കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (കാസ്പ്) യിൽ കേന്ദ്ര വിഹിതത്തിനാനുപാതികമായി നൽകേണ്ട സംസ്ഥാന വിഹിതത്തിൽ കുടിശ്ശികയില്ല. എന്നാൽ പ്രസ്തുത പദ്ധതി കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി വിപുലപ്പെടുത്തിയിട്ടുള്ളതിനാൽ അതു സംബന്ധിച്ച അധിക ബാധ്യത സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 31.12.2023 വരെയുള്ള കാലയളവിൽ പദ്ധതിയുടെ കീഴിൽ 1116.45 കോടി രൂപ തീർപ്പാക്കാനുണ്ട്. 2024-25 സാമ്പത്തിക വർഷം പദ്ധതിയുടെ ഭാഗമായ കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 269 കോടി രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. കാരുണ്യ ബെനവലന്റ് സ്കീമിനു കീഴിലുള്ള തുകകൾ മുൻഗണനാക്രമത്തിൽ തീർപ്പാക്കിവരുന്നു. 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഇതിനായി 164.22 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 31.12.2023 വരെയുള്ള കാലയളവ് കണക്കിലെടുക്കുമ്പോൾ 189.29 കോടി രൂപ കാരുണ്യ ബെനവലെന്റ് സ്കീമിനു കീഴിൽ കുടിശ്ശികയുണ്ട്. ആരോഗ്യ കിരണത്തിന് കീഴിൽ 12.25 കോടി രൂപയും നിലനിൽക്കുന്നുണ്ട്<br><br>സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി പാചക ചെലവിനത്തിലും പാചക തൊഴിലാളികളുടെ ഓണറേറിയം ഇനത്തിലും 31.12.2023 തീയതി വരെ യാതൊരു കുടിശ്ശികയും നിലവിലില്ല എന്നാൽ കോവിഡ് കാലത്ത് സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യ കിറ്റ് തയ്യാറാക്കി സ്കൂളുകളിൽ എത്തിച്ച് നൽകിയ വകയിലും ഭക്ഷ്യധാന്യത്തിന്റെ കടത്തുകൂലി ഇനത്തിലുമായി |

| | | | |
|---|---|---|---|
| | | | 151.15 കോടി രൂപ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് കുടിശ്ശികയായി നൽകാനുണ്ട് എന്നതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രസ്തുത കുടിശ്ശിക തുക തവണകളായി നൽകി തീർക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 30 കോടി രൂപ 2024-25 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക അനുവദിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2023 നംവബർ മാസം വരെയുള്ള ബില്ലുകളുടെ തുക നൽകിയിട്ടുണ്ട് ഹാർബർ എഞ്ചിനീയറിംഗ്, ജലവിഭവം എന്നീ വകുപ്പുകളിൽ 31.12.2023 വരെയുള്ള കാലയളവിൽ കുടിശ്ശിക നിലനിൽക്കുന്നില്ല.<br><br>സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകാനുള്ള ക്ഷാമബത്തയുടെ കുടിശ്ശിക കണക്കാക്കിയിട്ടില്ല. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട 31.12.2023 വരെ കുടിശ്ശിക നിലവിലില്ല. |
| (ബി) | ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഇവയിൽ ഓരോന്നിനും എത്ര തുകയുടെ കുടിശ്ശിക വീതം കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക തുക ഏത് രീതിയിലാണ് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | സമയബന്ധിതമായി കുടിശ്ശികകൾ തീർപ്പാക്കിവരുന്നു. |
| (സി) | വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ 31.12.2023 തീയതി വരെ എത്ര രൂപയുടെ കുടിശ്ശികയുണ്ട്; ആയതിന്റെ കണക്കുകൾ ലഭ്യമാക്കുമോ; കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ 31.12.2023 വരെയുള്ള കാലയളവിൽ അനുവദിക്കേണ്ട പെൻഷൻ ഗഡുവിൽ കുടിശ്ശിക നിലനിൽക്കുന്നില്ല. യഥാസമയം മസ്റ്ററിംഗ് ചെയ്യാതിരിക്കുക തുടങ്ങിയ വിവിധ കാരണങ്ങളാൽ മുടങ്ങിയ വ്യക്തിഗത പെൻഷൻ ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. ടി കുടിശ്ശിക അനുവദിക്കുന്ന സമയത്ത് ബിൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ ആയത് സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ